**"ഭരണഭാഷ-മാതൃഭാഷ"**

No. DWCD/982/2026-ICDSA1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 28-02-2026

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## <u>പരിപത്രം</u>

വിഷയം:- വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - മിഷൻ സക്ഷം അങ്കണവാടി & പോഷൻ 2.0 - കീഴ്കാര്യാലയങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്:-

സൂചന:-

മിഷൻ സക്ഷം അങ്കണവാടി & പോഷൻ 2.0 ൽ ഉൾപ്പെട്ട കേന്ദ്ര സംസ്ഥാന പദ്ധതികളുടെ നിർവ്വഹണത്തിനായി കീഴ്കാര്യലയങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത് അതത് ജില്ല വനിത ശിശുവികസന ഓഫീസർ മുഖേനയാണ്. ഐസിഡിഎസ് പദ്ധതിയ്ക്കായി അനുവദിക്കുന്ന ഫണ്ട്, സ്കീം പ്രകാരം ചെലവഴിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടത് അതത് പ്രോഗ്രാം ഓഫീസർമാരുടെ ചുമതലയാണ്. ആയതിനാൽ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും, ആയതിന്റെ വിനിയോഗം, കൃത്യമായി പരിശോധന നടത്തുന്നതിനും വേണ്ടി അതത് ജില്ലാ വനിത ശിശുവികസന ഓഫീസർമാർ, ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ അതത് പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതാണ്.

മിഷൻ സക്ഷം അങ്കണവാടി & പോഷൻ 2.0-ൽ ഉൾപ്പെട്ട കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ഫണ്ട് വിതരണത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി എല്ലാ കീഴ്കാര്യാലയങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

- ജില്ലാ വനിത ശിശുവികസന ഓഫീസർ സമർപ്പിക്കുന്ന റിക്വസിഷൻ പ്രകാരം ഡയറക്ടറേറ്റിൽ നിന്നും അലോട്ട്മെന്റ് അനുവദിക്കുന്ന ഫണ്ടുകൾ ജില്ലാ വനിത ശിശുവികസന ഓഫീസറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കീഴ്കാര്യാലയങ്ങൾക്ക് അനുവദിക്കുവാൻ പാടുള്ളൂ.
- ഇപ്രകാരം ജില്ലാ വനിത ശിശുവികസന ഓഫീസർ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും, കീഴ്കാര്യാലയങ്ങൾക്കും നൽകേണ്ടതാണ്.
- ഡയറക്ടറേറ്റ്, ജില്ലാ ഓഫീസ് എന്നിവടങ്ങളിൽ നിന്നും ലഭ്യമാകുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓരോ കമ്പോണന്റുകൾക്കും അനുവദിക്കുന്ന തുകകളുടെ വിവരം പ്രോഗ്രാം ഓഫീസിൽ രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

- ഐസിഡിഎസ് പ്രോജക്റ്റുകൾക്ക് അനുവദിച്ച തുകകളുടെ expenditure റിവ്യൂ പ്രോഗ്രാം ഓഫീസർമാർ കൃത്യമായി ചെയ്യേണ്ടതും, ടി തുകകൾ സ്കീം പ്രകാരം സമയബന്ധിതമായി ചെലവഴിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- വിവിധ പദ്ധതികളിൽ അതാത് കാര്യാലയങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് യഥാസമയം ചിലവഴിക്കുകയും, യു. സി സമയബന്ധിതമായി പ്രോഗ്രാം ഓഫീസർക്കു നല്കേണ്ടതാണ്. പ്രോഗ്രാം ഓഫീസ് തലത്തിൽ ഇത് ക്രോഡീകരിച്ച് പ്രോഗ്രാം ഓഫീസർ, സാക്ഷ്യപ്പെടുത്തി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.
- സർക്കുലറിലെ നിർദ്ദേശങ്ങൾ യഥാവിധി പാലിക്കപ്പെടുന്നുണ്ട് എന്ന് സംസ്ഥാന, ജില്ലാ ആഡിറ്റ് ടീമുകളുടെ പരിശോധനകളിൽ ഉറപ്പ് വരുത്തേണ്ടതാണ്.

BINDU GOPINATH

**വനിത ശിശുവികസന ഡയറക്ടർ(I/C)**

എല്ലാ ജില്ല വനിത ശിശുവികസന ഓഫീസർമാർക്കും,

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

ആഡിറ്റ് സെൽ,സംസ്ഥാന തലം & ജില്ലാതലം